# യുഎഇയിലെ ഇന്ത്യൻ സമൂഹത്തിന്റെ പരിപാടിയായ അഹ്‌ലാൻ മോഡിയെ പ്രധാനമന്ത്രി അഭിസംബോദന ചെയ്തു

ഫെബ്രുവരി 13, 2024

യുഎഇയിലെ ഇന്ത്യൻ സമൂഹം പ്രധാനമന്ത്രിയോടുള്ള ആദര സൂചകമായി സംഘടിപ്പിച്ച 'അഹ്‌ലാൻ മോദി'യിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തു. 7 എമിറേറ്റുകളിൽ നിന്നുള്ള എല്ലാ വിഭാഗം പ്രവാസികളും പരിപാടിയിൽ പങ്കെടുക്കാനെത്തി. കാഴ്ചക്കാരിൽ എമിറാറ്റികളും ഉണ്ടായിരുന്നു.

2. അബുദാബിയിൽ സായെസ് സ്‌പോർട്സ് സിറ്റി സ്റ്റേഡിയത്തിലെ വേദിയിൽ എത്തിയ പ്രധാനമന്ത്രിക്ക് 40000 വരുന്ന കാണികൾ ഊഷ്മളമായ വരവേൽപ്പാണ് നൽകിയത്. ഇന്ത്യയും യുഎഇയും തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാൻ ഇന്ത്യൻ പ്രവാസി സമൂഹം നൽകുന്ന സംഭാവനയെ പ്രധാനമന്ത്രി പ്രസംഗത്തിൽ എടുത്തുപറഞ്ഞു. ഇന്ത്യൻ സമൂഹത്തോട് കാണിക്കുന്ന കരുതലിനും സ്നേഹത്തിനും യുഎഇ ഭരണാധികാരികൾക്കും സർക്കാരിനും അദ്ദേഹം നന്ദി അറിയിച്ചു. പ്രത്യേകിച്ച്, കോവിഡിന്റെ ദുഷ്കരമായിരുന്ന സാഹചര്യത്തിൽ ഇന്ത്യൻ സമൂഹത്തിന് സാധ്യമായ എല്ലാ സഹായവും നൽകിയതിന്. കഴിഞ്ഞ 10 വർഷം കൊണ്ട് രാജ്യം കൈവരിച്ച പുരോഗതി വിശദമാക്കിയ പ്രധാനമന്ത്രി 2030-ഓടെ ഇന്ത്യ ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയാകുമെന്നും 2047-ഓടെ വികസിത രാജ്യമാകുമെന്നും വ്യക്തമാക്കി. ആഗോള പുരോഗതിക്കും ക്ഷേമത്തിനും സംഭാവന ചെയ്യുന്ന "വിശ്വബന്ധു" ആണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു.

3. ലോകത്ത് എവിടെയുള്ളതിലും ഏറ്റവും കൂടുതൽ പ്രവാസി ഇന്ത്യക്കാരുള്ള രാജ്യമാണ് യുഎഇ. ഏതാണ്ട് 3.5 ദശലക്ഷം ഇന്ത്യക്കാരാണ് അവിടെയുള്ളത്. "അഹ്‌ലാൻ മോദി" പരിപാടിയെ അവിസ്മരണീയമാക്കാനുള്ള പ്രവർത്തനങ്ങൾ കുറേ മാസങ്ങളായി നടന്നുവരികയായിരുന്നു.

**അബുദാബി**
**ഫെബ്രുവരി 13, 2024**